(ബി) അദ്ധ്യാപകരുടെ കൈപുസ്തകം അടിയന്തിരമായി ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) ഏതൊക്കെ ക്ലാസ്സുകളിലെ ഏതൊക്കെ പുസ്തകങ്ങളാണ് ഇനിയും അച്ചടി പൂർത്തീകരിക്കാത്തത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാഠപുസ്തകങ്ങൾ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) പാഠപുസ്തകങ്ങൾ അച്ചടിച്ച് വിൽപ്പന നടത്തുവാൻ സ്വകാര്യ ഏജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) I, II, III, IX ക്ലാസ്സുകളിലെ മാറിയ പാഠപുസ്തകങ്ങൾക്കനുസരിച്ചുള്ള അദ്ധ്യാപകസഹായികൾ ഓരോ സ്കൂളിനും രണ്ട് കോപ്പികൾ വീതം സൗജന്യമായി വിതരണം ചെയ്യുന്നതിനു വേണ്ടി അതാതു ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ജൂൺ ആദ്യം തന്നെ എത്തിക്കാൻ ഡി.പി.ഐ. മുഖാന്തിരം നടപടി സ്വീകരിച്ചിരുന്നു. തുടർന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഹെഡ്മാസ്റ്റർമാർക്ക് വിതരണം നടത്തി വരുന്നു.

(സി) 1,2,3,7,8,9 ക്ലാസ്സുകളിലേക്കുള്ള ഏതാനും പുസ്തകങ്ങൾ കൂടി മാത്രമേ അച്ചടിക്കുവാനുള്ളൂ. ഇവയുടെ അച്ചടി ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു.

(ഡി) 2003-2004 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടിയുടെ 95%-ലധികം പൂർത്തീകരിച്ചു കഴിഞ്ഞു. ടി പുസ്തകങ്ങൾ വിതരണത്തിനായി ഇതിനകം ജില്ലാ ഡിപ്പോകളിൽ എത്തിച്ചു കഴിഞ്ഞിട്ടുണ്ട്. പാഠപുസ്തക വിതരണത്തിന്റെ പുനഃക്രമീകരണമടക്കമുള്ള എല്ലാ നടപടികളും ഓഗസ്റ്റ് 16-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

പാഠപുസ്തകങ്ങളുടെ അച്ചടി

51 (2886) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1 മുതൽ 10 വരെയുള്ള മലയാളം മീഡിയം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്ക് വേണ്ടി 2003-ൽ എത്ര ലക്ഷം പാഠപുസ്തകങ്ങളാണ് അച്ചടിച്ചത് ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ പൂർണ്ണമായും ഗവൺമെന്റ് പ്രസ്സിലാണോ അച്ചടിച്ചത് ; അതോ സ്വകാര്യ പ്രസ്സിലാണോ അച്ചടിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെന്റ് പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിക്കാതെ സ്വകാര്യ പ്രസ്സുകളെ ആശ്രയിക്കേണ്ടി വന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗവൺമെന്റ് പ്രസ്സിന്റെ അധിക ജോലി ഭാരം കണക്കിലെടുത്താണോ സ്വകാര്യ പ്രസ്സുകളെ പാഠപുസ്തകങ്ങളുടെ അച്ചടി ജോലി ഏൽപ്പിച്ചത് ;

(ഇ) സ്വകാര്യ പ്രസ്സുകൾക്ക് അച്ചടി ജോലി നൽകിയതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) എത്ര ലക്ഷം രൂപയുടെ ജോലിയാണ് സ്വകാര്യ പ്രസ്സുകൾക്ക് നൽകിയത് ;

(ജി) സ്വകാര്യ പ്രസ്സിന് ജോലി നൽകിയ ഇനത്തിൽ സർക്കാരിന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലയാളം മീഡിയം ക്ലാസ്സുകൾക്ക് വേണ്ടി ഉദ്ദേശം 3,13,46,000 പുസ്തകങ്ങളും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്കുവേണ്ടി ഉദ്ദേശം 30,89,000 പാഠപുസ്തകങ്ങളുമാണ് അച്ചടിക്കുന്നത്.

(ബി) സർക്കാർ അധീനതയിലുള്ള കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, സർക്കാർ പ്രസ്സുകൾ, സ്വകാര്യ പ്രസ്സുകൾ എന്നിവയിലാണ് പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിച്ചിരിക്കുന്നത്.

(സി&ഡി) പാഠപുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സുകളിലാണ് അച്ചടിച്ചിരുന്നത്. എന്നാൽ സമയബന്ധിതമായി അച്ചടി പൂർത്തീകരിക്കാൻ പ്രസ്തുത പ്രസ്സുകൾക്ക് കഴിയാതെ വരുന്നതുകൊണ്ടാണ് അച്ചടി സ്വകാര്യ പ്രസ്സുകളെക്കൂടി ഏൽപ്പിക്കേണ്ടി വന്നത്.

(ഇ) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി മത്സര ടെൻഡറുകൾക്ക് ക്ഷണിച്ച് സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സർക്കാർ നിയമങ്ങൾക്കനുസൃതമായി കരാർ നൽകി അച്ചടി ജോലി ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

(എഫ്) 180 ലക്ഷത്തോളം രൂപയുടെ ജോലിയാണ് സ്വകാര്യ പ്രസ്സുകൾക്ക് നൽകിയിട്ടുള്ളത്.

(ജി) അച്ചടിക്കൂലിയിനത്തിൽ സ്വകാര്യ പ്രസ്സുകൾക്ക് ഇതുവരെ 1,41,96,702 (ഒരു കോടി നാൽപ്പത്തിയൊന്നു ലക്ഷത്തിതൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി രണ്ട്) രൂപയോളം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly